"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.ബിനിത.എസ്.എസ്, ഹിമം, UPSLRWA-51E, പഴഞ്ചിറ, അമ്പലത്തറ.പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.274/2026/ID    തീയതി,തിരുവനന്തപുരം, 09-03-2026

പരാമർശം:-

1. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 21/11/2022 തീയതിയിലെ 651/2022-23/254/ഡി.ഒ.റ്റി/എം.എൽ/2022 നമ്പർ നടപടിക്രമം
2. ശ്രീമതി.ബിനിത.എസ്.എസ്, ഹിമം, UPSLRWA-51E, പഴഞ്ചിറ, അമ്പലത്തറ. പി.ഒ, തിരുവനന്തപുരം 24.04.2025 ന് സമർപ്പിച്ച അപ്പീൽ ഹർജി.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 14.12.2025 തീയതിയിലെ ഡിഎംജി/1420/ 2025-എം3 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ഗൃഹനിർമ്മാണത്തിന് മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് അനുവദിച്ചിരുന്നുവെങ്കിലും, അയൽവാസിയുടെ എതിർപ്പിനെ തുടർന്ന് രണ്ടാമത് കിട്ടിയ പെർമിറ്റ് പ്രകാരമുള്ള മണ്ണ് നീക്കം ചെയ്യാൻ കഴിഞ്ഞില്ലായെന്നും, ആയതിനാൽ ഗൃഹനിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നും എന്നാൽ ഗൃഹനിർമ്മാണം നടത്താത്തതിനാൽ 5,89,081/- രൂപ പിഴ ഒടുക്കുന്നതിനായി ഇപ്പോൾ റവന്യൂ റിക്കവറി നോട്ടീസ് ലഭ്യമായിരിക്കുകയാണെന്നും, ആയതിനാൽ പെനാൽറ്റി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ശ്രീമതി.ബിനിത.എസ്.എസ്, ഹിമം, UPSLRWA-51E, പഴഞ്ചിറ, അമ്പലത്തറ.പി.ഒ, തിരുവനന്തപുരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 28/10/2025-ന് നടത്തിയ ഹിയറിംഗിൽ അപ്പീൽകക്ഷിയും, തിരുവനന്തപുരം ജില്ല സീനിയർ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുത്തിരുന്നു.

3. അപ്പീൽ കക്ഷി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ഉളിയാഴത്തുറ വില്ലേജിൽ ബ്ളോക്ക് നമ്പർ 14 റീസർവ്വേ 170/1 ൽപ്പെട്ട സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനായി അപ്പീൽ കക്ഷി

1,12,200/- രൂപ റോയൽറ്റി ഒടുക്കി 5610 MT മണ്ണ് നീക്കം ചെയ്യുന്നതിന് 4/3/22-ൽ അനുമതി കരസ്ഥമാക്കിയിരുന്നു. രണ്ട് സ്റ്റേജ് ആയിട്ടാണ് അനുമതി നല്കിയത്. 9/3/22 ൽ 2000 MT മണ്ണും 21/11/22 ൽ 3160 MT മണ്ണ് നീക്കം ചെയ്യുന്നതിന് പാസ്സ് നല്കി. എന്നാൽ അയൽവാസിയുടെ പരാതി നിമിത്തം രണ്ടാമത് അനുമതി നല്കിയ മണ്ണ് നീക്കം ചെയ്യുവാൻ സാധിച്ചില്ല. ഇക്കാരണത്താൽ പ്രസ്തുത പാസ്സ് ജിയോളജിസ്റ്റിന് തിരികെ നല്കി .എന്നാൽ ഇപ്പോൾ തനിക്ക് RR നോട്ടീസ് ലഭിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച കാരണം കാണിക്കൽ നോട്ടീസോ ഡിമാന്റ് നോട്ടീസോ ലഭിച്ചില്ല. തന്റേതല്ലാത്ത കാരണം കൊണ്ട് മണ്ണ് നീക്കം ചെയ്യുവാൻ സാധിക്കാത്തതു കൊണ്ടാണ് അടിത്തറ നിർമ്മാണം നടത്തുവാൻ സാധിക്കാതെ വന്നത്. അതിനാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴവാക്കണമെന്ന് ആവശ്യപ്പെട്ടു.

4. അപ്പീൽ പെറ്റീഷന്മേൽ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ഉളിയാഴത്തുറ വില്ലേജിൽ ബ്ളോക്ക് നമ്പർ 14 റീസർവ്വേ 170/1 ൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീമതി. ബിനിത എസ്.എസ് എന്ന വ്യക്തി തിരുവനന്തപുരം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോയൊപ്പം ഉളിയാഴത്തുറ വില്ലേജ് ആഫീസിൽ നിന്നും അനുവദിച്ച ലൊക്കേഷൻ സ്കെച്ച്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയും തിരുവനന്തപുരം നഗരസഭ സെക്രട്ടറി അനുവദിച്ചിട്ടുള്ള 19.06.2020 തീയതിയിലെ എസ്.ഇസെഡ്ഒ/ടിപി/ബിഎ/450/19 നമ്പർ ബിൽഡിംഗ് പെർമിറ്റ് 19-06-2020 തീയതിയിലെ എസ്.ഈസെഡ്ഒ/ടിപി/ബിഎ/450/2019 നമ്പർ ഡെവലപ്മെന്റ് പെർമിറ്റ് എന്നിവയും കൂടാതെ മണ്ണ് നീക്കം ചെയ്യുവാൻ അനുമതി ലഭിച്ചാൽ അനുവദിച്ച അളവിൽ മാത്രമേ മണ്ണ് നീക്കം ചെയ്ത് തീരുന്ന മുറയ്ക്ക് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചു കൊള്ളാമെന്ന് അറിയിക്കുന്ന 200/- രൂപ മുദ്രപത്രത്തിൽ ഉള്ള സത്യവാങ്മൂലവും സമർപ്പിച്ചിരുന്നതാണ്. ഇപ്രകാരമുള്ള അപേക്ഷയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി. ബിനിത എസ്.എസ് എന്ന വ്യക്തിയ്ക്ക് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 5610 മെട്രിക് ടൺ (2805 ക്യൂബിക് മീറ്റർ) സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 9/03/2022 തീയതിയിലെ 1272/2021-22/254/ഡിഒ.ടി/എം,എൽ/2022 നമ്പർ ഉത്തരവ് പ്രകാരം അനുമതിയും നല്കിയിരുന്നതാണ്. തുടർന്ന് മണ്ണ് പൂർണ്ണമായും നീക്കം ചെയ്തില്ല എന്നും അനുമതി പുതുക്കി നല്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. ബിനിത 30/03/2022 തീയതിയിൽ ജില്ല ആഫീസിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 21/11/2022 തീയതിയിലെ 651/2022-23/ഡി.ഒ.ടി/എം.എൽ/2022 നമ്പർ ഉത്തരവ് പ്രകാരം 3600 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി പുതുക്കി നല്കുകയും 100 മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ശ്രീമതി. ബിനിത കൈപ്പറ്റുകയും ചെയ്തിരുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിലേക്ക് തിരുവനന്തപുരം ജില്ലാ ഓഫീസിലെ അനുമതിയുടെ അടിസ്ഥാനത്തിൽ സാധാരണ മണ്ണ് നീക്കം ചെയ്ത ശേഷം ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കിയതായ രേഖകളൊന്നും സ്ഥലമുടമയായ ശ്രീമതി. ബിനിത തിരുവനന്തപുരം ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടില്ലാത്ത

സാഹചര്യത്തിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 (3) ലംഘിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 23-05-2024 തീയതിയിലെ ഡിഒറ്റിഎച്ച്.ഏ.ഡിഎം.ജി/877/2024-എം നമ്പർ രജിസ്റ്റേർഡ് കാരണം കാണിക്കൽ നോട്ടീസ് നല്കിയിട്ടുള്ളതാണ്. എന്നാൽ ടി നോട്ടീസ് സ്ഥലമുടമ കൈപ്പറ്റാതെ മടങ്ങുകയാണ് ഉണ്ടായത്. തുടർന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 (2) പ്രകാരം അനുമതി നല്കിയ 5610 മെട്രിക് ടൺ സാധാരണ മണ്ണിന് ചട്ടം 14 (5) പ്രകാരം ടി സമയത്തെ റോയൽറ്റി നിരക്കായ ടണ്ണിന് 20/- രൂപ നിരക്കിൽ റോയൽറ്റിയുടെ 5 മടങ്ങ് (5610 x 20 x 5) ആയ 5,61,000/- രൂപ ഒടുക്കുന്നതിലേക്ക് 15/06/2024 തീയതിയിൽ ശ്രീമതി.ബിനിതയ്ക്ക് ഡിമാന്റ് നോട്ടീസ് നല്കുകയുണ്ടായി. മാത്രമല്ല ഡിമാന്റ് തുക ഒടുക്കാത്തതിനാൽ 4/01/2025 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ഉളിയാഴത്തുറ വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ 170/1 ൽപ്പെട്ട സ്ഥലത്ത് നിന്നും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കി അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതിന് നീക്കം ചെയ്ത 5610 മെട്രിക് ടൺ മണ്ണിന്റെ ടി സമയത്തെ റോയൽറ്റിയുടെ അഞ്ചിരട്ടി തുകയായ 5,61,000/- രൂപ സർക്കാരിലേക്ക് അടയ്ക്കുവാൻ ശ്രീമതി. ബിനിത എസ്.എസ് എന്ന വ്യക്തി ബാദ്ധ്യസ്ഥനാണ്. മേൽ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസിൽ സ്റ്റേ അനുവദിക്കരുതെന്നും കുടിശ്ശിക അടക്കുവാൻ അപ്പീൽ കക്ഷിക്ക് നിർദ്ദേശം നല്കിയും അപ്പീൽ ഹർജി നിരസിച്ച് ഉത്തരവാകേണ്ടതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**4.** അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും ഡി.എം.ജിയുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. 5610 മെട്രിക് ടൺ മണ്ണ് നീക്കം ചെയ്യുവാൻ അപ്പീൽ കക്ഷി റോയൽറ്റി ഒടുക്കിയെങ്കിലും ആദ്യം ട്രാൻസിറ്റ് പാസ് നല്കിയ 2000 മെട്രിക് ടൺ മണ്ണ് മാത്രമേ നീക്കം ചെയ്തുള്ളൂവെന്നും രണ്ടാമത് ട്രാൻസിറ്റ് പാസ്സ് നല്കിയതനുസരിച്ച് മണ്ണ്, തന്റെ അയൽവാസിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്യുവാൻ സാധിക്കാത്തതു കൊണ്ടാണ് അടിത്തറ കെട്ടുവാൻ പറ്റാത്തതെന്നാണ് കക്ഷിയുടെ വാദം. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 (3) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനകം അടിത്തറ കെട്ടേണ്ടതാണ്. ഇവിടെ കക്ഷി അടിത്തറ കെട്ടാത്തതിനാൽ പെനാൽറ്റി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ അനുമതി നല്കിയ അത്രയും അളവ് മണ്ണ് നീക്കം ചെയ്തിട്ടില്ലെന്ന കക്ഷിയുടെ വാദം പരിഗണിച്ച്, ജില്ലാ ജിയോളജിസ്റ്റ് കക്ഷിയുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ച് നീക്കം ചെയ്ത മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി അതനുസരിച്ച് കെ.എം.സി.സി ചട്ടം 14 (5) പ്രകാരം പെനാൽറ്റി നിർണ്ണയിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നല്കി ടി തുക അടിയന്തിരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കികൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീമതി.ബിനിത.എസ്.എസ്, ഹിമം, UPSLRWA-51E, പഴഞ്ചിറ, അമ്പലത്തറ.പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 09-03-2026 17:02:00